**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5922** **25-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വേനൽക്കാല വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അത്യധികം ചൂട് അനുഭവപ്പെടുന്ന ഏപ്രിൽ, മെയ് മാസങ്ങളിൽ വൈദ്യുതി ഉപഭോഗത്തിന്റെ വർദ്ധനവ് എത്രയായിരിക്കുമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ അത്യധികം ചൂട് അനുഭവപ്പെടുന്ന മാസങ്ങളിൽ പ്രതീക്ഷിക്കുന്ന പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത ഏപ്രിലിൽ 6050 മെഗാവാട്ട്, മെയ് മാസം<br>5650 മെഗാവാട്ടാണ്. പ്രതിദിന ശരാശരി ഉപഭോഗം പ്രതീക്ഷിക്കുന്നത് ഏപ്രിലിൽ 110.3 ദശലക്ഷം യൂണിറ്റും മെയ് മാസം 107.1 ദശലക്ഷം യൂണിറ്റാണ്. ഈ മാസങ്ങളിൽ വരാവുന്ന കൂടിയ പ്രതിദിന ഉപഭോഗം പ്രതീക്ഷിക്കുന്നത് 120 ദശലക്ഷം യൂണിറ്റാണ്. ഉപഭോഗത്തിൽ 3 മുതൽ 5 ശതമാനം വരെ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | മേൽപ്പറഞ്ഞ മാസങ്ങളിൽ വൈദ്യുതി ഉപഭോഗം വർധിക്കുകയാണെങ്കിൽ അതിന് ആവശ്യമായ വൈദ്യുതി കണ്ടെത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് വേനൽകാലത്ത് അനുഭവപ്പെട്ടേക്കാവുന്ന വർദ്ധിച്ച വൈദ്യുതി ഉപയോഗം തടസമില്ലാതെ നിറവേറ്റുന്നതിനായി ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. ഇപ്രകാരം ഹ്രസ്വകാല കരാർ പ്രകാരവും പവർ സ്വാപ്പിങ് മുഖേനയും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. ആഭ്യന്തര ഉത്പാദനം പരമാവധി ലഭിക്കുന്നതിനായി ജനറേറ്ററുകളുടെ അറ്റകുറ്റപണി സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. മാർച്ച് മാസം 1- ാ 0 തീയതിയിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ജലസംഭരണികളിലുമായി 2337.6 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളം സംഭരിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷം ഇതേ ദിവസവുണ്ടായിരുന്ന സംഭരണത്തെക്കാൾ കൂടുതലാണ്. വേനൽക്കാലത്തെ അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട് ഉത്തരേന്ത്യയിലെ മറ്റ സംസ്ഥാനങ്ങളുമായി പവർ സ്വാപ്പിങ് മുഖേന വൈദ്യുതി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. ഹസ്വകാല കരാർ പ്രകാരവും മാർച്ച് ഏപ്രിൽ മാസം വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2025 വർഷത്തെ വേനൽ കാലത്തു സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യം മുന്നിൽ കണ്ടു വൈദ്യുതി ആവശ്യകതയും വിപണിയിലെ ലഭ്യതയും വിലയിരുത്തി താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന തരത്തിൽ കെ.എസ് .ഇ.ബി .എൽ. വിവിധ ഹ്രസ്വകാല / ബാങ്കിങ് കരാറുകളിൽ ഏർപ്പെടാനുള്ള നടപടിക്രമങ്ങൾ 2024 ജൂൺ മുതൽ ആരംഭിച്ചിരുന്നു.<br><br>ഇതിന്റെ ഭാഗമായി ഏപ്രിൽ മാസത്തേക്ക് 695 മെഗാവാട്ടും, മെയ് മാസത്തേക്ക് 250 മെഗാവാട്ടും മുഴുവൻ സമയ ലഭ്യതയിൽ വൈദ്യുതി വാങ്ങുവാനുള്ള ഹ്രസ്വകാല കരാറിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ ഏർപ്പെട്ടിട്ടുണ്ട് . കൂടാതെ അധിക വൈദ്യുതി ആവശ്യമായി വരുന്ന പീക്ക് സമയത്തേക്ക് ഏപ്രിലിലും മേയിലും 355 മെഗാവാട്ട് വീതമുള്ള ഹ്രസ്വകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട് .<br><br>കൂടാതെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത മുന്നിൽ കണ്ടു സംസ്ഥാന സർക്കാരിന്റെയും കെ.എസ് .ഇ.ബി .എൽ.- ന്റെയും നിരന്തര അഭ്യർത്ഥന പ്രകാരം 2024 ഒക്ടോബർ മുതൽ തന്നെ കേന്ദ്രവിഹിതമായി NTPC യുടെ ബാർ നിലയത്തിൽ നിന്നും 177 MW അധിക വിഹിതം ലഭിച്ചുവരുന്നു. 2025 ജൂൺ വരെ ഈ വൈദ്യുതി ലഭ്യമാകും. ഇതിനു പുറമെ NTPC നിലയങ്ങളിൽ നിന്നും 400-450 MW വൈദ്യുതി വിഹിതവും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുമുണ്ട് .<br><br>ഇതിനുപുറമെ കെ.എസ് .ഇ .ബി .എൽ. വിവിധ ബാങ്കിങ് / കൈമാറ്റ കരാറുകളിലും ഏർപ്പെടുകയുണ്ടായി. ഇത് പ്രകാരം 2024 മെയ് മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ കെ.എസ് .ഇ.ബി.എൽ. നൽകിയ വൈദ്യുതി സംസ്ഥാനത്തിന് വൈദ്യുതി അധികം ആവശ്യമുള്ള 2025ഏപ്രിൽ മാസത്തിൽ തിരികെ ലഭ്യമാവുന്നതാണ്. ഇതിനു പുറമെ 2025 മാർച്ച് ഏപ്രിൽ മെയ് മാസങ്ങളിലേക്കായി മറ്റു ബാങ്കിങ് കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്.<br><br>എന്നാൽ നിലവിൽ അനുഭവപ്പെടുന്ന കടുത്ത വേനൽ മൂലം ഉപഭോഗം ക്രമാതീതമായി ഉയരുന്നതിനാൽ ഏപ്രിൽ മെയ് മാസങ്ങളിലെ അധിക ആവശ്യകത നിറവേറ്റാനായി ഒരു ഹ്രസ്വകാല ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വേനൽക്കാല വൈദ്യുതി ഉപഭോഗത്തിൽ ഉപഭോക്താക്കൾക്ക് അധിക ബാധ്യത ഉണ്ടാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച 05.12.2024-ലെ താരിഫ് ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഋതുഭേദ വ്യത്യാസം ഇല്ലാതെ സാമ്പത്തിക വർഷം മുഴുവനും ഒരേ താരിഫ് പ്രകാരം വൈദ്യുതി ചാർജ് ഈടാക്കുന്നതിനാണ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത്. വേനൽക്കാല വൈദ്യുതി ഉപഭോഗത്തിൽ വർദ്ധന ഉണ്ടായാൽ വർദ്ധിച്ച ഉപഭോഗത്തിനനുസരിച്ചുള്ള വ്യതിയാനം വൈദ്യുതി ചാർജിൽ ഉണ്ടാകും. |
| (ഡി) | നിലവിൽ സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾക്ക് വേണ്ടിയുള്ള ഡാമുകളിൽ സംഭരണശേഷിയുടെ എത്ര ശതമാനം ജലം ഉണ്ട് എന്ന് ഡാമുകൾ തിരിച്ച് അറിയിക്കാമോ; | (ഡി) | നിലവിൽ സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾക്ക് വേണ്ടിയുള്ള ഡാമുകളിൽ സംഭരണ ശേഷിയുടെ എത്ര ശതമാനം ജലം ഉണ്ട് എന്ന് **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ഇ) | വേനൽക്കാലത്ത് അധിക വില നൽകി പുറമേ നിന്ന് വൈദ്യുതി വാങ്ങാതെ ഡാമുകളിൽ സംഭരിച്ച നിർത്തിയിരിക്കുന്ന ജലം ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് തടസ്സമുണ്ടോ എന്നറിയിക്കാമോ? | (ഇ) | തടസ്സമില്ല. നിലവിലെ സംഭരണം ആവശ്യാനുസരണം കൂടുതൽ ക്രമീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തെ സംഭരണത്തെ അപേക്ഷിച്ച ഈ വർഷം അധിക സംഭരണം ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത മുഴുവനായി നിറവേറ്റുവാനുള്ള സ്ഥാപിതശേഷി കേരളത്തിൽ നിലവിലില്ലാത്തതിനാൽ കൂടുതലായി വരുന്ന ഡിമാൻഡ് നിറവേറ്റാൻ പുറത്ത് നിന്നു വൈദ്യുതി വാങ്ങേണ്ടതുണ്ട്. വൈകുന്നേരത്തെ പീക്ക് സമയങ്ങളിൽ, പ്രത്യേകിച്ച് വേനൽക്കാലത്തു ലഭ്യത കുറയുകയും, വില കൂടുതലും ആയതുകൊണ്ട്, പരമാവധി ജലവൈദ്യുതി ആ സമയങ്ങളിൽ ഷെഡ്യൂൾ ചെയ്യാൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ലോഡ് ഷെഡിങ് ചെയ്യാതെ ബാക്കി കുറവ് നികത്തുന്നതിനായി വില കൂടിയ വൈദ്യുതി ആയാലും വാങ്ങേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**നിലവിൽ സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾക്ക് വേണ്ടിയുള്ള ഡാമുകളിലെ സംഭരണ ശേഷിയുടെ ശതമാനത്തിലുള്ള കണക്കിന്റെ വിവരങ്ങൾ**

| Sl. No. | അണക്കെട്ട് | നിലവിലെ മൊത്ത സംഭരണ ശതമാനം |
|---|---|---|
| 1 | ഇടുക്കി – IDUKKI | 51.67% |
| 2 | ഇടമലയാർ – IDAMALAYAR | 47.58% |
| 3 | കക്കി (ആനത്തോട്) – KAKKI (ANATHODE) | 51.38% |
| 4 | ബാണാസുരസാഗർ –BANASURASAGAR | 34.80% |
| 5 | ഷോളയാർ – SHOLAYAR | 61.92% |
| 6 | മാട്ടുപെട്ടി –MATTUPETTY | 58.50% |
| 7 | ആനയിറങ്കൽ –ANAYIRANKAL | 86.56% |
| 8 | പൊന്മുടി – PONMUDI | 49.97% |
| 9 | കുറ്റിയാടി – KUTTIYADI | 75.11% |
| 10 | പമ്പ – PAMBA | 5.81% |
| 11 | പൊരിങ്ങൽകുത്ത് – PORINGALKUTHU | 40.92% |
| 12 | കുണ്ടള – KUNDALA | 87.45% |
| 13 | കല്ലാർകുട്ടി – KALLARKUTTY | 67.19% |
| 14 | ഇരട്ടയാർ – ERATTAYAR | 15.33% |
| 15 | ലോവർ പെരിയാർ –LOWER PERIYAR | 79.34% |
| 16 | മൂഴിയാർ – MOOZHIYAR | 28.97% |
| 17 | കല്ലാർ – KALLAR | 22.07% |
| 18 | ചെങ്കുളം – SENGULAM | 58.97% |

**സെക്ഷൻ ഓഫീസർ**